റേഷൻ

*വ്യ ര ന. (ന്യ ഠ) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ക്ഷ്യോല്പാദനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) റേഷൻ വിതരണം നമ്മുടെ സ്റ്റെയിറ്റിൽ എവിടെയെങ്കിലും മുടങ്ങി (break down) യിരുന്നുവെങ്കിൽ എവിടെയൊക്കെയാണ്;

(ബി) അതിനു കാരണമെന്തെന്നും പറയാമോ;

(സി) നമ്മുടെ സ്റ്റെയിറ്റിൽ എവിടെയെങ്കിലും അരിയും നെല്ലും റേഷനിങ്ങ് ലൈസൻസില്ലാതെ പരസ്യമായി വ്യാപാരം നടത്തുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയൊക്കെയെന്നും അങ്ങിനെ അനുവദിക്കാൻ കാരണമെന്തെന്നും സദയം പ്രസ്താവിക്കുമോ;

(ഇ) രഹസ്യമായൊ പരസ്യമായൊ കരിഞ്ചന്ത വ്യാപാരം നടത്തുന്നതിനെ ഉത്സാഹപൂർവ്വവും കർശനവുമായി തടയുവാൻ അടിയന്തിര നടപടികൾ എടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മിടത്തും റേഷൻ വിതരണം തീരെ മുടങ്ങിയിട്ടില്ല. എന്നാൽ അരി സ്റ്റോക്കിന്റെ കുറവുകൊണ്ടു നെല്ലിടപ്പ് കുറഞ്ഞ താലൂക്കുകളിൽ അരി റേഷന്റെ അളവിൽ ചില സമയങ്ങളിൽ കുറവ് വരുത്തേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ അതിനു പകരം ഗോതമ്പു കൊടുത്തിട്ടുമുണ്ട്.

(ബി) ആഗസ്ത് മാസത്തിൽ കേന്ദ്രഗവൺമെണ്ടിൽനിന്നു് അരി ലഭിക്കാത്തതുകൊണ്ടു്.

(സി) ഇപ്പോൾ അങ്ങിനെ വ്യാപാരമില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) കൾനമായ നടപടികൾ എടുത്തിട്ടുണ്ടു്.

ക്ഷ്യോല്പാദനം

*വ്യ ര ര. (ന്യ ന്യ) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ക്ഷ്യോല്പാദനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സർ. സി. പി. യുടെ കാലത്തു ക്ഷ്യോല്പാദനത്തിൽ വൻപിച്ച നഷ്ടം, ധാന്യങ്ങൾ ഉപയോഗശൂന്യമായതുകൊണ്ടുണ്ടായതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നഷ്ടം എത്ര;

(സി) ഇനകിയ ഭരണമായപ്പോൾ അങ്ങനെ വല്ല നഷ്ടവും വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു, നഷ്ടം എത്ര?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അപരിചിതമായ ചോളം, റാഗി, ജുവർ മുതലായ ക്ഷ്യോല്പാദ്യങ്ങളിൽ കുറച്ചുനഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി) എത്ര നഷ്ടം ഉണ്ടെന്നു തിട്ടപ്പെടുത്തി വരുന്നതെയുള്ളു.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly